# ചില സീതാകാവ്യവിചാരങ്ങൾ

രാജേന്ദ്രൻ എടത്തുംകര

അഥർവവേദം മുതൽ ഇന്ത്യയിലെ സാഹിതീയാഖ്യാനങ്ങളുടെ പ്രിയപ്പെട്ട ഉള്ളടക്കമാണ് പ്രണയം. അഥർവത്തിലെ രണ്ടാംകാണ്ഡത്തിലെ മുപ്പതാമത്തെ സൂക്തം പ്രണയത്തിന്റെ ഗംഭീരമായ ഒരു ചിത്രവിധാനം നിർമിക്കുന്നുണ്ട്. 'പുല്ല് കാറ്റടിച്ച് ചുറ്റിക്കറങ്ങി നീങ്ങുന്നതുപോലെ ഞാൻ നിന്റെ മനസ്സിനെ ഇളക്കുന്നു. എന്റെ അഭിമതം നിറവേറുന്നതിനുവേണ്ടി നീ എന്നിൽനിന്നും ദൂരെപ്പോകരുത്." കാറ്റടിച്ച് ചുറ്റിക്കറങ്ങി ലക്ഷ്യവും അലക്ഷ്യവും ഒന്നുതന്നെയായി തിരിച്ചെത്തുന്ന പുല്ലാണ് പ്രണയിയുടെ മനസ്സ്. അതുകൊണ്ടുതന്നെ, ആണിനു പെണ്ണും പെണ്ണിനു ആണും വശഗമാകുന്ന പ്രണയസാഫല്യത്തിന്റെ നിമിഷം അഥർവത്തിന് മന്ത്രശുദ്ധിയോടെ സമീപിക്കേണ്ട പ്രാർഥനയുടെ പരമകാഷ്ഠയാണ്. ഇഹത്തിലും പരത്തിലും ജയിക്കാനുള്ള സാമഗ്രികളിലൊന്നാണ് പ്രണയം. 'ഇയമഗ്നേ നാരീ പതിം വിദേഷ്ട സോമാ ഹി രാജാ സുഭഗാം കൃണോതി; ഈ കന്യകയ്ക്ക് ഭർത്താവിനെ ലഭിക്കട്ടെ, സോമൻ ഇവളെ സൗഭാഗ്യവതിയാക്കട്ടെ' എന്നൊരു മന്ത്രം പ്രണയവിഷയകമായി അഥർവത്തിനു സൃഷ്ടിക്കേണ്ടിവരുന്നു. ഇണചേരലും ഗർഭധാരണവും ഗർഭരക്ഷയും പ്രസവവും എന്നിങ്ങനെ അഥർവത്തിലെ പ്രണയത്തിന് ഒറ്റവേരിൽ കിളിർക്കുന്നത് ആയിരങ്ങളായ ശിഖരങ്ങളാണ്. 'നീ ദൂരെപ്പോകരുതേ!' എന്ന പ്രാർഥനയിൽ പ്രണയികൾ സംഗമേച്ഛുക്കളായി അതിൽ വിഹരിക്കുന്നു.

എന്തിന്റെ പേരിലായാലും, കാമിയെ വെടിഞ്ഞ് ദൂരെപ്പോകുന്നയാൾക്ക് പ്രണയത്തെയോർത്ത് സ്വയം ലജ്ജിക്കേണ്ട നിലവരുമെന്നാണ് ഇന്ത്യൻ പ്രണയസങ്കല്പങ്ങളുടെ ആഖ്യാനങ്ങൾ പൊതുവെ വിശ്വസിച്ചത്. രാധയും കൃഷ്ണനും എന്ന മാസ്മരികവും, ഇനിയൊരു എഴുത്തുകാരനും നിർമിക്കാനാവാത്തവിധം സമ്പൂർണ്ണവുമായ പ്രണയപാത്രങ്ങൾ പ്രണയത്തിലെ സ്ഥലപരമായ ദൂരത്തിന്റെ രക്തസാക്ഷികളാണ്. യഥാർഥത്തിൽ, രക്തസാക്ഷികൾ എന്ന ബഹുവചനമല്ല, രക്തസാക്ഷി എന്ന ഏകവചനമാണ് ഉപയോഗിക്കേണ്ടത്. രാധയാണ്, രാധമാത്രമാണ് കാമുകനിലേക്ക് എത്തിച്ചേരാനാവാത്തവിധം ക്രൂരമായി നീണ്ടുകിടക്കുന്ന ദൂരത്തെക്കുറിച്ചോർത്ത് നീറിയത്. മറ്റൊരാളുടെ ഭാര്യയായിരുന്ന ആ സാധുസ്ത്രീ തന്നേക്കാൾ മുപ്പതുവയസ്സെങ്കിലും കുറവുള്ള കൃഷ്ണനുമായി പ്രണയലീലയാടാൻ സദാ ആഗ്രഹിച്ചു. തങ്ങളുടെ മാളികകളിലിരുന്ന് അവർ പരസ്പരം നോക്കുമ്പോൾ കണ്ണുകൾക്കിടയിൽ ഒരു പാലം നിർമിക്കപ്പെട്ടു എന്നാണ് പതിനേഴാം നൂറ്റാണ്ടിലെ ബ്രജ്ഭാഷാകവി ബിഹാരി എഴുതുന്നത്. ആ പാലത്തിലൂടെ രാധയുടെ മനസ്സ് കൃഷ്ണനിലേക്കും കൃഷ്ണന്റെ മനസ്സ് രാധയിലേക്കും സഞ്ചരിച്ചു. ആകയാൽ അവർ പ്രണയത്തിലൊഴികെ മറ്റൊന്നിലും മനസ്സില്ലാത്തവരായിത്തീർന്നു. ഇന്നും പ്രണയികളുടെ സ്ഥിതി മിക്കവാറും മറ്റൊന്നല്ല. പക്ഷേ, കൃഷ്ണൻ രാധയോട് ഒരക്ഷരം മിണ്ടാതെ ദൂരേക്ക് പൊയ്ക്കളഞ്ഞു. പിന്നീട് ഒരിക്കലും രാധയുടെ അരികിൽ തിരിച്ചുചെന്നതുമില്ല. എന്നെങ്കിലും അവൻ മടങ്ങിവരുമെന്നു പ്രതീക്ഷിച്ച് ഓരോ നിമിഷവും ഉരുകിജീവിച്ച ആ സ്ത്രീയാണ് ഇന്ത്യൻ പ്രണയാഖ്യാനങ്ങളിലെ ഏറ്റവും ആഴമേറിയ ദുരന്തകഥാപാത്രം. ബിഹാരിയുടെ സതസായിയിൽ രാധയുടെ പ്രണയകോപം ഒരിടത്ത് ഉച്ചസ്ഥായി കൈവരിക്കുന്നു. 'എന്നെ നിന്റെ പ്രണയിനിയെന്നു വിളിക്കരുതേ, പകരം ഒരു കലഹക്കാരിയെന്നു വിളിച്ചോളൂ. ഈ മഴക്കാലത്ത് എന്നെവിട്ട് വിദൂരദേശത്തേക്ക് യാത്രപോയവനേ, എന്നെ പ്രിയങ്കരിയെന്നു വിളിക്കുമ്പോൾ നിനക്ക് സ്വയംലജ്ജ തോന്നണം.'

വേർപിരിഞ്ഞതിനുശേഷം കൃഷ്ണന രാധയെക്കുറിച്ചോർത്ത് വിശേഷിച്ചൊന്നും തോന്നിയില്ല എന്നതാണ് വാസ്തവം. വിഖ്യാതമായ ആ ഓടക്കുഴലും അതിന്റെ പാട്ടും അതു കാതോർത്തിരുന്ന പെൺകുട്ടിയും അവൾ ഓടിയണഞ്ഞ മലർനികുഞ്ജവും അവന്റെ ഉള്ളിൽ അസ്തമിച്ചു. പ്രണയവചസ്സുകൾ ഒഴുകിപ്പരക്കാൻ പതിനാറായിരത്തെട്ടിന്റെ മറ്റൊരു കഥ കൂടെയുള്ളതിനാൽ കൃഷ്ണകഥയുടെ വായനക്കാർക്ക് അതിൽ കാര്യമായ സങ്കടവും തോന്നിയില്ല. ഒന്നു പൊട്ടിയാൽ മറ്റൊന്ന് എന്ന് കന്യകമാർക്ക് വൈലോപ്പിള്ളി കരുതിവെച്ച കുപ്പിവള യുഗങ്ങൾക്കുമുമ്പേ ആദ്യം അണിഞ്ഞത് ആ രാധാകൃഷ്ണനാണ്. കൃഷ്ണൻതന്നെ മറന്ന പ്രണയരാധയെക്കുറിച്ച് കൃഷ്ണഭക്തരിൽ ചുരുക്കം ചിലരൊഴികെ ആരും കാര്യമായി ഓർക്കുകകൂടിയുണ്ടായില്ല. വൈഷ്ണവർ ഓർമിക്കുന്ന രാധ ഐഹികമായ പ്രണയകാമനകളുടെ മൂർത്തിയല്ല, പരമമായ ദേവതാസങ്കല്പത്തിന്റെ അവതാരമാണ്. അതിനാൽ, രാധാകൃഷ്ണന്മാരുടെ ആനന്ദകേളിയായി യമുനാനദിക്കരയിൽ നാം കണ്ടതൊന്നും കേവലമായ പ്രണയത്തിന്റെ പൂപ്പടർപ്പുകളല്ല എന്ന് അവർ പറയും. അതൊക്കെ മായയാണ്. അവതാരലീലകളാണ്. രാധ ഇന്നും തീവ്രമായ ഒരു പ്രണയാനുഭവമായി ഇന്ത്യയിൽ ഓർമിക്കപ്പെടുന്നുണ്ടെങ്കിൽ അതിന് ഉത്തരവാദി പന്ത്രണ്ടാം നൂറ്റാണ്ടിലെ സംസ്കൃതകവി ജയദേവൻ മാത്രമാണ്. രാധ ഇന്ന് തീവ്രമായ ഒരു പ്രണയാനുഭവമായി ആഘോഷിക്കപ്പെടുന്നുണ്ടെങ്കിൽ അതിന് ഉത്തരവാദികൾ നൃത്തത്തിൽ പ്രണയരാധയെ ചാലിച്ച് സ്വയം ആവിഷ്കരിച്ച ദേവദാസികളുമാണ്. ജനകീയമായി പരന്നൊഴുകിയ സംഗീതവും നൃത്തവും കാവ്യവുമാണ് പ്രണയോന്മാദിയായ രാധയെ വീണ്ടെടുത്തത്. ഭക്തിഗ്രന്ഥങ്ങൾ അവളുടെ നൂപുരത്തിന്റെ താളം കേട്ടതായേ ഭാവിച്ചില്ല. കൃഷ്ണന്റെ മായാമാന്ത്രികത വിവരിച്ച ഭാഗവതത്തിൽ രാധയെക്കുറിച്ച് എന്താണുള്ളതെന്നു നോക്കൂ. ഉള്ളത് അഭാവം മാത്രമാണ്. കൃഷ്ണൻ വെടിഞ്ഞ രാധയെ യമുനാതീരത്തെ ഏകാന്തതയിൽകൊണ്ടുചെന്നുനിർത്തി അവൾക്കു പറയാനുള്ളത് ശ്രദ്ധാപൂർവം കേട്ടത് ഒരുപക്ഷേ, മലയാളത്തിൽ തിരുനല്ലൂർ കരുണാകരൻ മാത്രമാകും. അവൾ വിരഹത്തീ സഹിക്കാനാവാതെ മരിച്ചുപോയിരിക്കാനാണ് സാധ്യത. കാമം മാത്രമാണ് പുരുഷാർഥം എന്നുവിശ്വസിച്ച രാധ, സ്വാഭാവികമായും മരണം മാത്രമാണ് മോക്ഷം എന്നും വിചാരിച്ചുകാണണം. ചാർവാകന്മാർ അതു പറയുന്നതിനുമുന്നേ അവൾ അത് ജീവിതംകൊണ്ട് അവതരിപ്പിച്ചു

രാധാകൃഷ്ണപ്രണയകാവ്യങ്ങളുടെ പാരായണത്തിൽ വൈഷ്ണവർ പിന്നീട് ദർശിച്ചതുപോലെ, പൂർവരാഗത്തിൽ മനസ്സുണർന്നും മേളനത്തിൽ അദമ്യമായ മോഹത്തോടെ കണ്ടുമുട്ടിയും സംഭോഗത്തിൽ മനസ്സും ശരീരവും പങ്കിട്ടും വിരഹത്തിൽ സ്വയം ഉരുകിയും ഭാവസമന്വയത്തിൽ കാമുകാത്മാവിലേക്ക് ലയിച്ചും അവൾ പ്രണയത്തിന്റെ അഞ്ചവസ്ഥകളിലൂടെയും നടന്നു. വിരഹത്തെ വൈഷ്ണവർ പ്രണയത്തിലെ അവാച്യമായ മാധുര്യമായാണ് വിലയിരുത്തുന്നത്. വർണ്ണിക്കാൻ രസകരവും അനുഭവിക്കാൻ കഠിനവുമായ ആ മാധുര്യം സഹിയാതെ, പഞ്ചസാര തിന്നതിന്ന് രോഗിയായ മധുരപ്രിയയെപ്പോലെ, ഏകാന്തദീപ്തമായ കാത്തിരിപ്പിനൊടുവിൽ രാധ ഇല്ലാതായി. ഒരർഥത്തിൽ ആത്മഹത്യ, മറ്റൊരർഥത്തിൽ ഭാവസമന്വയം. ജ്ഞാനത്തെക്കുറിച്ച് ഇന്ത്യൻ ദർശനം അവതരിപ്പിച്ച ഒരു ബിംബകല്പനയിൽ രാധ പിന്നീട് നിത്യസ്മരണീയയായിത്തീരുന്നുണ്ട്. ജ്ഞാനം ആശ്രയിക്കുന്നത് ആത്മാവിനെയാണ് എന്നും ആത്മാവ് രണ്ടു വിധത്തിലുണ്ട് എന്നുമാണ് ആ ദർശനത്തിന്റെ പൊരുൾ. സർവം അറിയാവുന്നത് ഈശ്വരൻ. അതിനെ പരമാത്മാവ് എന്നു വിളിക്കുന്നു. അത് ഒന്നേയുള്ളൂ. ഓരോ ശരീരവും അറിയുന്ന ജ്ഞാനം വേറെവെറെയാണ്. അതിനെ ജീവാത്മാവ് എന്നു വിളിക്കുന്നു. പരമാത്മാവിലേക്ക് ജീവാത്മാവ് ലയിക്കുന്ന ദാർശനികരഥ്യയുടെ ചമത്കാരസൂചനയാണ് രാധാകൃഷ്ണപ്രണയം എന്ന് വൈഷ്ണവർ അവകാശപ്പെടുന്നു. ആ അവകാശവാദം പിന്നീട്, നാളും പക്കവും നോക്കാതെ ഏതു നായികാനായകന്മാരെയും സംബന്ധിച്ച്

പുറപ്പെട്ടുവിക്കാവുന്ന സ്വഭാവസാക്ഷ്യപത്രമായിത്തീർന്നതിന് ഉചിതമായ ഉദാഹരണം മലയാളത്തിൽ കുമാരനാശാന്റെ നായികാനായകന്മാർ തന്നെയാണ്. ഏതെങ്കിലും ഒരു സ്ത്രീ അവളുടെ കാമുകനുമായി സന്ധിച്ചാൽ ഉടൻ ജീവാത്മാവ്-പരമാത്മാവ് എന്നാർത്തുവിളിച്ചുകൊണ്ട് ഭക്തോത്തംസങ്ങൾ ഓടിവരികയായി എന്നനിലവരെ ആ വൈഷ്ണവസംബന്ധി പില്ക്കാലത്ത് എത്തിച്ചേരുകയുണ്ടായി. കാമുകിമാരെല്ലാം ജീവാത്മാക്കളും കാമുകന്മാരെല്ലാം പരമാത്മാക്കളുമായി, ആസ്തികബാധ്യതകളുടെ ഭാരം ചുമക്കാത്ത കേവലപ്രണയത്തിൽ ഇറങ്ങിച്ചെല്ലാനാവാതെ ഗത്യന്തരമില്ലാത്ത ശ്വാസംമുട്ടലോടെ സാഹിത്യനിരൂപണത്തിൽ കുറച്ചൊന്നുമല്ല കാലം കഴിച്ചത്.

പ്രണയത്തിന്റെ നിത്യസ്മാരകമായി ആരാധിക്കപ്പെടുക എന്ന രാധയ്ക്ക് ലഭിച്ച ആ സൗഭാഗ്യം കലയിലോ സാഹിത്യത്തിലോ സംഗീതത്തിലോ സീതയ്ക്ക് ലഭിച്ചില്ല. സദാ ഗൗരവക്കാരനായ ഭർത്താവിന്റെ പിറകിൽ അനുസരണയോടെ തലതാഴ്ത്തിനടക്കുന്ന ഭാര്യയുടെ ചിത്രമാണ് സീതയെക്കുറിച്ച് സാമാന്യമായി നിർമിക്കാവുന്ന ഏറ്റവും ലളിതമായ ചിത്രം. സീതാരാമന്മാരുടെ ആ വനയാത്രാദൃശ്യം, രാമനു വല്ല നന്മയും ഉപദേശിക്കേണ്ടിവരുമ്പോൾ 'സ്ത്രീചാപലാദേതദുപാഹൃതം മേ' (സ്ത്രീചാപല്യം കൊണ്ടാണ് ഞാൻ ഇങ്ങനെയൊക്കെ പറഞ്ഞുപോയത്) എന്ന് കുറ്റബോധം അനുഭവിക്കുന്ന സീതയെസംബന്ധിച്ച് ആജീവനാന്തയാഥാർഥ്യമായിരുന്നു. വാസ്തവത്തിൽ, രാമനും സീതയ്ക്കും അദമ്യവും അനന്തവുമായ പരസ്പരപ്രണയം ഉണ്ടായിരുന്നോ? മേളനകാലത്ത് രാധയ്ക്കും കൃഷ്ണനും ഇടയിലുണ്ടായിരുന്നതുപോലെ? അല്ലെങ്കിൽ, ഒറ്റ മെയ്യിന്റെ അതിശയോക്തികൊണ്ട് പ്രണയത്തിനു സമുചിതമായ വ്യാഖ്യാനം പണിത ശിവനും പാർവതിയ്ക്കും ഇടയിൽ ഉണ്ടായിരുന്നതുപോലെ? അങ്ങനെയൊരു പ്രണയം അവർക്കിടയിൽ ഉണ്ടായിരുന്നു എന്ന് വാല്മീകിരാമായണം വായിക്കുന്ന ഒരാൾക്ക് വിശ്വസിക്കാനാവുമെന്നു തോന്നുന്നില്ല. വിവാഹമല്ലാതെ പ്രണയം അവിടെങ്ങും കാണുന്നില്ല.

രാമായണത്തിൽ സീത ഏറ്റവുമാദ്യം പ്രത്യക്ഷപ്പെടുന്നത് 'രാമന്റെ പ്രിയപ്പെട്ട ഭാര്യ' (രാമസ്യ ദയിതാ ഭാര്യ) എന്ന വിശേഷണത്തോടെയാണ്. ബാലകാണ്ഡം ആരംഭിച്ച് ഇരുപത്തിയഞ്ചു ശ്ലോകങ്ങൾ പിന്നിടുമ്പോഴാണത്. രാമന് എന്നും പ്രാണനെപ്പോലെ ഹിതകാരിണിയായവൾ (നിത്യം പ്രാണസമം ഹിതാ) എന്ന് തൊട്ടടുത്ത വിശേഷണം. ജനകകുലത്തിൽ ജനിച്ചവൾ, ദേവമായയിലെന്നപോലെ സൃഷ്ടിയ്ക്കപ്പെട്ടവൾ, സർവലക്ഷണസമ്പന്ന, സ്ത്രീകളിൽ ഉത്തമ എന്ന് ഇരുപത്തിയാറും ഇരുപത്തിയേഴും ശ്ലോകങ്ങൾ സീതയുടെ പരിചയക്കുറിപ്പെഴുതുന്നു.
അവളുടെ ഭർത്താവായ രാമനോ?

വാല്മീകിയുടെ ഒരു സംശയത്തിന് നാരദൻ ഉത്തരം പറയുന്നതോടെയാണ് രാമായണം ആരംഭിക്കുന്നത്. നാരദനിൽനിന്നും വാല്മീകിയ്ക്ക് അറിയേണ്ടിയിരുന്നത് ഇതാണ്: ആരാണ് ഇനിപ്പറയുന്ന കാര്യങ്ങളെല്ലാം ഒത്തുവന്ന ഒരു മനുഷ്യൻ?

അയാൾ ഗുണവാനായിരിക്കണം. വീര്യവാനായിരിക്കണം. ധർമാധർമങ്ങൾ വേർതിരിച്ചറിയുന്നവനായിരിക്കണം. പ്രത്യുപകാരം ചെയ്യുന്നവനായിരിക്കണം. സത്യവാക്ക് ആയിരിക്കണം. വ്രതം അനുഷ്ഠിക്കുന്നതിൽ കാർക്കശ്യമുള്ളവനാവണം. സദാചാരതല്പരനായിരിക്കണം. സർവഭൂതങ്ങൾക്കും പ്രിയപ്പെട്ടവനായിരിക്കണം. വിദ്വാനായിരിക്കണം. സമർഥനായിരിക്കണം. സകലർക്കും കാണാൻ ഇഷ്ടം തോന്നുന്നവനായിരിക്കണം. ആത്മനിയന്ത്രണമുള്ളവനായിരിക്കണം. ക്രോധത്തെ

ജയിച്ചവനായിരിക്കണം. മഹത്വശോഭയുള്ളവനായിരിക്കണം. ആരോടും അസൂയയില്ലാത്തവനായിരിക്കണം. യുദ്ധത്തിൽ രോഷംകൊണ്ടു നില്ക്കുമ്പോൾ ദേവന്മാർപോലും പേടിക്കുന്നവനാവണം.

അങ്ങനെയൊരാളുണ്ട് എന്ന് നാരദൻ മറുപടികൊടുത്തു. ഇക്ഷ്വാകുവംശത്തിൽ പിറന്ന രാമനാണ് അത്. തുടർന്ന് രാമന്റെ വിശേഷണങ്ങളുടെ ഒരു നിര. ഒന്നും രണ്ടുമല്ല, അറുപതിലേറെ വരും അവയുടെ പട്ടിക. [2] പതിനാറു ഗുണങ്ങളാണ് വാല്മീകി ഉന്നയിച്ചതെങ്കിൽ നാരദന്റെ നാവിൽ ഗുണങ്ങൾ നാലിരട്ടിയായി. ഇനി നമുക്ക് ഒന്നുകൂടി ആ സീതാഗുണവിശേഷണങ്ങളിലേക്കുപോകാം. അതിലെ ആദ്യത്തെ ആ പരിചയക്കുറിപ്പുണ്ടല്ലോ, രാമന്റെ പ്രിയപ്പെട്ട ഭാര്യ എന്നത്, അത് സാർഥകമാവുന്നത് രാമഗുണങ്ങളുടെ ഈ പട്ടികപ്പുറത്താണ്. ഇങ്ങനെയെല്ലാമുള്ള രാമൻ ഒരുവളെ പ്രിയപ്പെട്ട ഭാര്യയായി കരുതിയെങ്കിൽ അവളെക്കുറിച്ച് വേറെന്തുപറയാൻ എന്നാണതിന്റെ സംക്ഷിപ്തഭാവത്തിന്റെ വിവക്ഷ. അതായത്, രാമന്റെ പ്രിയപ്പെട്ട ഭാര്യ എന്നതാണ് സീതയുടെ മേൽവിലാസം.

ബാലകാണ്ഡത്തിൽ രാമായണകഥ സംക്ഷേപിച്ച പറയുന്ന ഒന്നാംസർഗത്തിൽ സീതയെ പേരെടുത്തു സൂചിപ്പിച്ചുകൊണ്ടുള്ള പതിനാല് പ്രകരണങ്ങളാണുള്ളത്.

ഒന്ന്: രാമന്റെ പ്രിയപ്പെട്ട ഭാര്യയായ സീത. രാമസ്യ ദയിതാ ഭാര്യാ. ശ്ലോകം 26.

രണ്ട്: സീതയും രാമനെ കാട്ടിലേക്ക് അനുഗമിച്ചു. സീതാപ്യനുഗതം രാമം. ശ്ലോകം 28.

മൂന്ന്: ഗുഹന്റെകൂടെ രാമനും ലക്ഷ്മണനും സീതയും വനങ്ങൾ പിന്നിട്ടു. ഗുഹേനസഹിതോ രാമോ ലക്ഷ്മണേന ച സീതയാ/ തേ വനേന വനം ഗത്വാ. ശ്ലോകം 32.

നാല്: രാവണൻ രാമഭാര്യയെ അപഹരിച്ചു. ജഹാര ഭാര്യാം രാമസ്യ. ശ്ലോകം 53.

അഞ്ച്: ജടായുവിൽനിന്നും രാമൻ മൈഥിലി അപഹരിക്കപ്പെട്ടതായി അറിഞ്ഞു. 'ഗൃധ്രം ച നിഹതം ദൃഷ്ട്വാ ഹൃതാം ശ്രുത്വാ ച മൈഥിലിം. ശ്ലോകം 53.

ആറ്:സീതയെ രാമൻ വനത്തിൽ അന്വേഷിച്ചലഞ്ഞു. മാർഗമാണോ വനേ സീതാം. ശ്ലോകം 55.

ഏഴ്: സുഗ്രീവനോട് രാമൻ സീതയുടെ വൃത്താന്തം പറഞ്ഞു. ആദിതസ്തദ് യഥാവൃത്തം സീതായാശ്ച വിശേഷത. ശ്ലോകം: 60.

എട്ട്: ഹനുമാൻ അശോകവനിയിൽ സീതയെ കണ്ടു. ദദർശ സീതാം. ശ്ലോകം 73.

ഒമ്പത്: ഹനുമാൻ വൈദേഹിയെ സമാധാനിപ്പിച്ചു. സമാശ്വാസ്യ ച വൈദേഹീം. ശ്ലോകം 74.

പത്ത്: സീത ഇരിക്കുന്ന ഇടമൊഴികെ ഹനുമാൻ അഗ്നിക്കിരയാക്കി. ദഗ്ധ്വാ പുരിം ലങ്കാ മൃതേ സീതാം ച മൈഥിലിം. ശ്ലോകം 77.

പതിനൊന്ന്: താൻ സീതയെ കണ്ടു എന്നു ഹനുമാൻ രാമനെ അറിയിച്ചു. ന്യവേദയദമേയാത്മാ ദൃഷ്ട്വാ സീതേതി തത്വത: ശ്ലോകം 78.

പന്ത്രണ്ട്: രാമൻ സീതയെ വീണ്ടെടുത്തപ്പോൾ അദ്ദേഹത്തിനു ലജ്ജ തോന്നി. രാമ: സീതാമനുപ്രാപ്യ പരാം വ്രീഡാമുപാഗമത്.. ശ്ലോകം 81.

പതിമൂന്ന്: രാമൻ ലങ്കയിലെ ജനക്കൂട്ടത്തിൽവെച്ച് പരുഷവചനങ്ങൾ പറഞ്ഞതുകേട്ട് സീത അഗ്നിപ്രവേശം ചെയ്തു. തമുവാച തതോ രാമ; പരുഷം ജനസംസദി/ അമൃഷ്യമാണാ സാ സീതാ വിവേശ ജ്വലനം സതീ. ശ്ലോകം 82.

പതിന്നാല്: സഹോദരന്മാരോടും വീണ്ടെടുത്ത സീതയോടുംകൂടി രാമൻ രാജ്യം ഭരിച്ചു. ഭ്രാതൃഭി: സഹിതോനഘ:രാമ: സീതാമനുപ്രാപ്യ രാജ്യം പുനരവാപ്തവാൻ. ശ്ലോകം :89.

അതാണ് സീതയുടെ കഥ. രാമായണത്തിൽ, രാമന്റെ പ്രിയപ്പെട്ട ഭാര്യ എന്ന സ്ഥാനം മാത്രമേ സീതയ്ക്കുള്ളൂ. രാമായണത്തിന്റെ കഥ അതുമാത്രമല്ല. രാമായണം രാമന്റെ കഥയാണ്. രാമന്റെ കഥയിലാകട്ടെ, സീതാഖ്യാനം പോലെത്തന്നെ അനേകം ആഖ്യാനങ്ങൾ വേറെയുമുണ്ട്. രാമന്റെ പ്രിയമാണ് രാമായണത്തിലെ മറ്റുകഥാപാത്രങ്ങളുടെ ഗുണപരമായ അസ്തിത്വം നിർണ്ണയിക്കുന്നത്. രാമനു പ്രിയപ്പെട്ടവർ ഗുണപരമായി നൂറുയുള്ളവർ; രാമന് അപ്രിയമായാൽ തിറുയുള്ളവർ. അവർ കൊല്ലപ്പെടുകയോ കീഴടക്കപ്പെടുകയോ ഇല്ലാതാവുകയോ ചെയ്യും. രാമനു സീതയോടുള്ള പ്രിയം നശിക്കുന്ന ഘട്ടം വന്നാൽ ഉത്തരരാമായണത്തിലേതുപോലെ, സ്വാഭാവികമായും കഥാഘടനയിൽ നിന്ന് സീത ഇല്ലാതാകും. രാമസ്യ ദയിതാ ഭാര്യാ എന്ന പരിചയക്കുറിപ്പനുസരിച്ച്, ലങ്കയിലെ സീതയുടെ അഗ്നിപ്രവേശം അതിന്റെ സൂചനയായിരുന്നു.

ബാലകാണ്ഡത്തിൽ ഉത്തരരാമായണത്തിലെ സന്ദർഭങ്ങളെക്കുറിച്ച് യാതൊന്നും പറയുന്നില്ല എന്നതിനാൽ അത് പിന്നീട് കൂട്ടിച്ചേർത്തതായിരിക്കാനേ വഴിയുള്ളൂ. സഹോദരന്മാരോടും വീണ്ടെടുത്ത സീതയോടുംകൂടി രാമൻ രാജ്യം ഭരിച്ചു എന്നവസാനിച്ചാൽ പോരല്ലോ എന്നു തോന്നിയ ആരോ ഭാവനാതല്പനായി പിന്നീട് സൃഷ്ടിച്ചതാകാനേ വഴിയുള്ളൂ. വാല്മീകിയും വാല്മീകിയുടെ രാമനും പരിഹരിച്ചുകഴിഞ്ഞ ഒരു പഴയസംഭവത്തെ, രാവണരാജ്യത്തെ സീതയുടെ താമസത്തെ, ഉത്തരരാമായണം വീണ്ടും കുത്തിപ്പൊക്കിക്കൊണ്ടുവരികയാണ്.

സീതാ വിവേശ ജ്വലനം സതീ എന്നതിലെ അവസാനത്തെ പദംകൊണ്ട് തീരേണ്ട കാര്യമാണ്. പക്ഷേ, രാമൻ സത്യവാക്കാണ് എന്ന പരിചയക്കുറിപ്പ് ഒരു സംശയത്തിന് സദാ ഇടനല്കുന്നുണ്ട് എന്ന് അവർ വിചാരിച്ചുകാണും: ലങ്കയിൽ ജനക്കൂട്ടത്തിൽവെച്ച് രാമൻ സീതയോട് പരുഷവാക്കുകൾ പറഞ്ഞതിന്റെ താല്പര്യമെന്തായിരുന്നു?

ആ പരുഷവാക്കുകളുടെ രത്നച്ചുരുക്കം ഇപ്രകാരമാണ്:

'ഭദ്രേ! ശത്രുക്കളെ ഞാൻ യുദ്ധത്തിൽ തോല്പിച്ചു. നിന്നെ വീണ്ടെടുത്തു .പൗരുഷംകൊണ്ട് നേടേണ്ടത് ഞാൻ നേടിയിരിക്കുന്നു. ഞാൻ അമർഷംകൊണ്ടതെന്തിനോ അത് സാധ്യമായിരിക്കുന്നു. അപമാനത്തെയും ശത്രുവിനെയും ഞാൻ ഇല്ലാതാക്കി. ചപലചിത്തനായ രാക്ഷസൻ നിന്നെ അപഹരിച്ചതിന്റെ ദൈവസമ്പാദനമായ ദോഷം മനുഷ്യനായ ഞാൻ ഇല്ലാതാക്കി. ഈ ശ്രമങ്ങളൊന്നും നിനക്കുവേണ്ടിയല്ല ഞാൻ ചെയ്തത്. എന്റെ പ്രഖ്യാതവംശത്തിനേറ്റ കളങ്കം മായ്ച്ചുകളയാനാണ്. ദുഷ്പേരില്ലാതാക്കാനാണ്. ധർമപരിപാലത്തിനാണ്. നിന്റെപേരിൽ എനിക്കു ചാരിത്ര്യസന്ദേഹം ഉണ്ട്. നേത്രരോഗി വിളക്കുകാണുമ്പോഴെന്നപോലെ നിന്നെ കാണുമ്പോൾ എനിക്ക് അഹിതമാണ് തോന്നുന്നത്. അതുകൊണ്ട്, ഞാൻ പോകുന്നു. നിനക്ക് എങ്ങോട്ടുവേണമെങ്കിലും പോകാം. നിന്നെക്കൊണ്ട് എനിക്കിനി ഒരു കാര്യവുമില്ല. അന്യന്റെ വീട്ടിൽ താമസിച്ച ഒരുവളെ പൗരുഷമുള്ളവന് സൗഹൃദത്തോടെ സ്വീകരിക്കാനാവില്ല. രാവണൻ നിന്നെ എടുത്തുകൊണ്ടുപോയി. കാമക്കണ്ണോടെ നോക്കി. എനിക്ക് ഇനി നിന്നിൽ ഒരാഗ്രഹവുമില്ല. എങ്ങോട്ടുവേണമെങ്കിലും പൊയ്ക്കോളൂ. വേണമെങ്കിൽ ലക്ഷ്മണന്റെ കൂടെ പൊയ്ക്കോളൂ, അല്ലെങ്കിൽ

ഭരതന്റെ കൂടെ. ശത്രുഘ്നന്റെ കൂടെയോ സുഗ്രീവന്റെ കൂടെയോ വിഭീഷണന്റെ കൂടെയോ പൊയ്ക്കൊള്ളൂ. നിന്നെ കണ്ട് ഏറേക്കാലം രാവണൻ ക്ഷമിച്ചിരിക്കുമെന്ന് ഞാൻ കരുതുന്നില്ല. '[3]

രാമൻ സത്യവാക്കാണെങ്കിൽ ഇപ്പറഞ്ഞതൊക്കെ നേരാണ്. ഇപ്പറഞ്ഞതൊന്നും നേരല്ലെങ്കിൽ രാമൻ സത്യവാക്കുമല്ല. രാമവിശ്വാസം ഗുരുതരാവസ്ഥയിൽക്കിടക്കുന്ന സന്ദർഭമാണത്. അതു പരിഹരിക്കാനാണ് രാമായണത്തിൽ സീതയുടെ അഗ്നിപ്രവേശവും ദേവതകളുടെ രംഗപ്രവേശവും വരുന്നത്. 'സംസ്കാരമില്ലാത്തവൻ സംസ്കാരമില്ലാത്തവളോട് സംസാരിക്കുന്നതുപോലെ എങ്ങനെ എന്നോടു സംസാരിക്കാൻ കഴിയുന്നു?' എന്ന സീതയുടെ അമർഷവും 'ഞാൻ എന്റെ ചാരിത്ര്യത്തെത്തൊട്ട് ആണയിടുന്നു' എന്ന ശപഥവും അവളുടെ അഗ്നിപ്രവേശവും ദേവകൾ അവൾക്കുവേണ്ടി രാമനോടു നടത്തിയ വാദങ്ങളും ദോഷദർശകരെ തൃപ്തരാക്കിയിട്ടുണ്ടാവില്ല.

'എനിക്കു നന്നായറിയാം, സീത മറ്റൊരാളിൽ അനുരക്തയല്ലെന്ന്. ലോകത്തിന്റെ വിശ്വാസമുറപ്പിക്കാനാണ് ഞാനങ്ങനെ ചെയ്തത്' എന്ന രാമന്റെ ഏറ്റുപറച്ചിലിൽ ആ ദോഷദർശനം അവസാനിപ്പിക്കാമായിരുന്നു. രാമൻ സത്യവാക്കാണല്ലോ. രണ്ടു വ്യത്യസ്ത സത്യവചനങ്ങളുണ്ടാകുമ്പോൾ, ഏറ്റവുമൊടുവിലത്തെ വാക്കാണ് പരമമായ സത്യം എന്നു വിചാരിച്ചാൽ മതിയായിരുന്നു. പോരാത്തതിന്, ബ്രഹ്മാവും ശിവനും വരുണനും ഇന്ദ്രനും മറ്റും നല്കിയ സാക്ഷ്യങ്ങൾ വേറെക്കിടക്കുന്നു. എന്നിട്ടും, സീതയ്ക്കുനേരെ നീണ്ട ആ സംശയം അവിടംകൊണ്ട് അവസാനിച്ചില്ല. സീത ഉത്തരരാമായണത്തിൽ ഒരിക്കൽക്കൂടി അപവാദബാധിതയായി. നേരത്തെ അഗ്നിയിലേക്കാണെങ്കിൽ ഇപ്പോൾ ഭൂമിയിലേക്ക് നിപതിച്ചു. അഗ്നി അവളെ രാമനു തിരിച്ചേൽപ്പിച്ചു. ഭൂമി അവളെ രാമസ്പർശമേല്ക്കാതെ സ്വീകരിച്ചു. മരിക്കാനായിരുന്നില്ല സീത തീയിലേക്കു ചാടിയത്. രാമനെയല്ലാതെ മറ്റാരെയെങ്കിലും മനസ്സിൽക്കരുതിയില്ലെന്നു തെളിയിക്കാൻ അവൾക്ക് മരിക്കാതിരിക്കേണ്ടത് അത്യാവശ്യമായിരുന്നു. ജീവിച്ചിരിക്കാനല്ല അവൾ ഭൂമിയിലേക്കു നിപതിച്ചത്. രാമനെയല്ലാതെ മറ്റാരെയെങ്കിലും മനസ്സിൽക്കരുതിയില്ലെന്നു തെളിയിക്കാൻ അവൾക്ക് ജീവിതം അവസാനിപ്പിക്കേണ്ടത് അത്യാവശ്യമായിരുന്നു. ജീവിതംകൊണ്ടും മരണംകൊണ്ടും അവൾക്ക് ഒന്നുമാത്രമേ തെളിയിക്കാനുണ്ടായിരുന്നുള്ളൂ എന്നുവരുന്നത്, അത് രാമന് തന്നിലുള്ള വിശ്വാസത്തെസംബന്ധിച്ചാണ് എന്നത്, അവളുടെ കർതൃത്വം എത്രമാത്രം രാമാധിഷ്ഠിതമായിരുന്നുവെന്ന് ഭംഗിയായി വെളിപ്പെടുത്തുന്നുണ്ട്.

'എനിക്കു നന്നായറിയാം, സീത മറ്റൊരാളിൽ അനുരക്തയല്ലെന്ന്. ലോകത്തിന്റെ വിശ്വാസമുറപ്പിക്കാനാണ് ഞാനങ്ങനെ ചെയ്തത്' എന്നു പറഞ്ഞ രാമൻ എന്തിനാണ് ഉത്തരരാമായണത്തിൽ, അതേ അപവാദത്തിന്റെ പേരിൽ സീതയെ ഉപേക്ഷിച്ചത്? ഇനി, രാമൻ സത്യവാക്കല്ലെന്നു വരുമോ?

ചിന്താവിഷ്ടയായ സീതയിലെ ആദ്യശ്ലോകത്തിൽത്തന്നെ വാല്മീകിരാമായണത്തിലെ സീതയെ അതേപടി ആവിഷ്കരിക്കുകയല്ല തന്റെ ഉദ്ദേശ്യം എന്ന് കുമാരനാശാൻ വ്യക്തമാക്കുന്നുണ്ട്. പർണശാലയുടെ പുറത്ത്, ഇരുട്ടിൽ സ്വയം നഷ്ടപ്പെട്ട് ഇരിക്കുന്ന സീത രാമായണപഠിതാക്കൾക്ക് പരിചിതമായ ദൃശ്യമല്ല. രാമായണത്തിലെ ഉത്തരകാണ്ഡം നാല്പത്തിയെട്ടാം സർഗത്തിലാണ് ലക്ഷ്മണൻ സീതയെ വാല്മീകി മഹർഷിയുടെ ആശ്രമത്തിനരികെ ഉപേക്ഷിച്ച് തിരിച്ചുപോകുന്ന വൃത്താന്തമുള്ളത്. തൊണ്ണൂറ്റിയാറാം സർഗത്തിൽ, നൈമിഷാരണ്യത്തിൽ ശ്രീരാമൻ നടത്തുന്ന

അശ്വമേധവേദിയിൽ, വാല്മീകിമഹർഷിയെ പിന്തുടർന്ന് നമ്രവദനയായി എത്തിച്ചേരുന്ന സീതയെ അവതരിപ്പിച്ചിരിക്കുന്നു. അതിനിടയിലുള്ള നാല്പത്തിയെട്ടുസർഗങ്ങളിൽ ഒരുതവണ മാത്രമാണ് രാമായണാഖ്യാനം സീതയിലെത്തിച്ചേരുന്നത്. സീത രണ്ട് ആൺകുഞ്ഞുങ്ങൾക്ക് ജന്മം നല്കിയതും വൃദ്ധതപസ്വിനിമാർ കുഞ്ഞുങ്ങളുടെ രക്ഷാകർമം നിർവഹിക്കുന്നതുമാണ് ആ സന്ദർഭം. അറുപത്തിയാറാംസർഗം. ആദ്യശ്ലോകത്തിന്റെ ഒടുവിൽ 'സീതാപി പ്രസൂതാ ദാരകദ്വയം' എന്നു പറയുന്നിടത്ത് മാത്രമേ സീതയ്ക്ക് ഒരു വ്യക്തി എന്ന നിലയിൽ കർതൃത്വവുമുള്ളൂ. ബാക്കിയുള്ള പതിനേഴ് ശ്ലോകങ്ങളിൽ ഒന്നിൽപ്പോലും, പ്രസവിച്ചുകിടക്കുന്ന ആ സ്ത്രീയെയും അവളുടെ വിചാരങ്ങളെയും അടുത്തുകാണാനില്ല. പ്രസവവാർത്തയറിഞ്ഞ പാതിരാത്രിതന്നെ വാല്മീകിമഹർഷി സീതയുടെ ആശ്രമത്തിൽചെന്ന് കുട്ടികളെ കണ്ടതായും അന്നു രാത്രി അവിടെയുണ്ടായിരുന്ന ശത്രുഘ്നൻ സീതയെചെന്നുകണ്ട് 'മാതർദിഷ്ട്യേ' അഥവാ മാതാവേ ഭാഗ്യം എന്ന് പറഞ്ഞതായും പരോക്ഷത്തിൽ സീത കർത്താവായി വരുന്ന രണ്ട് പരാമർശങ്ങളുണ്ട്. അത്രമാത്രം. പിന്നെ രാമായണത്തിൽ അവളെ കണ്ടുമുട്ടുന്നത് മരണമുഖത്താണ്.

ലവണാസുരവധത്തിനു പുറപ്പെട്ടുംവഴിയാണ് ശത്രുഘ്നൻ ആ രാത്രിയിൽ വാല്മീകിയുടെ ആശ്രമത്തിലെത്തിയത്. പന്ത്രണ്ടുവർഷം കഴിഞ്ഞാണ് അയാൾ അയോധ്യയിൽ തിരിച്ചെത്തുന്നത്. 'തതോ ദ്വാദശമേ വർഷേ' എന്ന് ആ കാലയളവ് രാമായണം എടുത്തുപറഞ്ഞിട്ടുണ്ട്. അതിനുശേഷമാണ് അശ്വമേധം നടക്കുന്നത്. അതായത്, രാമൻ ഉപേക്ഷിച്ച സീത പന്ത്രണ്ടുകൊല്ലം വാല്മീകിമഹർഷിയുടെ ആശ്രമത്തിൽ താമസിച്ചു. അതിൽ ആദ്യവർഷത്തിലെ ഒരു വർഷകാലരാത്രിയെ മാത്രമാണ് നാം 'സീതാപി പ്രസൂതാ ദ്വാരകദ്വയം' എന്ന് പരിചയപ്പെട്ടത്. അതിലദ്ഭുതമില്ല. അയോധ്യയിലേക്കുള്ള തിരിച്ചുപോക്കിൽ, 'മുനി ചെയ്ത മനോജ്ഞകാവ്യം' ആദ്യമായി കേൾക്കുന്നത് ശത്രുഘ്നനാണല്ലോ. ആ സന്ദർഭത്തിൽ 'സുശ്രാവ രാമചരിതം' എന്നുതന്നെ എഴുതിയിട്ടുണ്ട്. അത് രാമന്റെ മാത്രം കഥയാണ്. അതിനാൽ സീതയുടെ പന്ത്രണ്ടുവർഷത്തെ ജീവിതത്തെ അവിടെ തിരഞ്ഞിട്ടുകാര്യമില്ല. ചിന്താവിഷ്ടയായ സീതയിൽ, പക്ഷേ ആ പന്ത്രണ്ടു വർഷങ്ങൾകൂടി ആഖ്യാനത്തിന്റെ ഭാഗമായിത്തീരുന്നുണ്ട്.

കാവ്യോപക്രമത്തിലേതുപോലെ ഒരു വ്യതിയാനം കാവ്യാവസാനത്തിലുമുണ്ട്. വാല്മീകിരാമായണം ഉത്തരകാണ്ഡം തൊണ്ണൂറ്റിയേഴാം സർഗത്തിലെ, താൻ രാമനെമാത്രം മനസാ വിചാരിച്ച 'ശുദ്ധസമാചാര'യല്ലെങ്കിൽ മാധവീദേവി തനിക്ക് ഇടംതരട്ടെ എന്ന സീതയുടെ പ്രതിജ്ഞയും അതനുസരിച്ച് അവളെ എടുത്തുകൊണ്ടുള്ള ഭൂമീദേവിയുടെ അന്തർദ്ധാനവും കുമാരനാശാൻ പാടേ ഒഴിവാക്കി. സഭാതലത്തിലെത്തി രാമനെ കണ്ടയുടൻ അവൾ മരിച്ചു. 'അതിമാനിനി'യായ ഒരുവൾക്ക് അതിലേറെ നേരം പിടിച്ചുനിൽക്കാനാവില്ല.

'അരുതെന്തയി! വീണ്ടുമെത്തി ഞാൻ
തിരുമുമ്പിൽ തെളിവേകി ദേവിയായ്
മരുവീടണമെന്നു മന്നവൻ
കരുതുന്നോ? ശരി! പാവയോയിവൾ!'

എന്ന് അവൾ നേരത്തെത്തന്നെ തീരുമാനിച്ചിരുന്നല്ലോ. അങ്ങനെ, പാരമ്പര്യവാദികളായ രാമായണപഠിതാക്കളുടെ നെറ്റിയിൽ ചുളിവുവീഴ്ത്തിക്കൊണ്ടായി ചിന്താവിഷ്ടയായ സീതയുടെ ഉപക്രമവും അവസാനവും. അതിനിടയിലെ സീതയുടെ ചിന്തകൾ ആ ചുളിവ് കൂട്ടിക്കൊണ്ടേയിരിക്കും. ഈ സീതയെ രാമായണത്തിൽ തിരയേണ്ടതില്ല. ആശയാനുവാദമോ വിവർത്തനമോ അല്ല, രാമായണത്തിന്റെ സ്വതന്ത്രാനുകല്പനമാണ് കുമാരനാശാന്റെ ലക്ഷ്യം.

**കുറിപ്പുകൾ**

1. അയേദം ഭ്രമ്യാ അധി തൂണം വാതോ മഥായതി ഏവാ മഥ്നാമി തേ മനോ യഥാ മാം കാമിന്യസോ യഥാ മന്നാപഗാ അസ:

2. സ്വയം നിയന്ത്രിക്കാൻ കഴിവുള്ളവൻ, മഹാവീരൻ, മഹത്വശോഭയുള്ളവൻ, മനസ്സുറപ്പുള്ളവൻ, ഇന്ദ്രിയനിഗ്രഹം സാധിച്ചവൻ, ബുദ്ധിമാൻ, നീതിമാൻ, വാഗ്മി, ഐശ്വര്യവാൻ, ശത്രുനാശകൻ. മഹത്തായ വില്ലുധരിച്ചവൻ. കരബലമുള്ളവൻ വിപുലമായ തോളും ശംഖുപോലുള്ള കഴുത്തും വലിയ താടിയെല്ലും വിശാലമായ മാറിടവും കഴുത്തിനും തോളിനും മധ്യേ മുഴച്ചുകാണാത്ത വളയെല്ലുമുള്ളവൻ. ശത്രുക്കളെ അമർച്ചചെയ്യുന്നവൻ. ആജാനുബാഹു. നല്ല തല. നല്ല നെറ്റി. നല്ല ചുവടുവെയ്പ്. അവയവങ്ങളെല്ലാം ശരിയായ അനുപാതത്തിൽ. ഹൃദ്യമായ നിറം. പ്രതാപവാൻ. തടിച്ച മാറിടം. വിശാലമായ കണ്ണുകൾ. ഐശ്വര്യവാൻ. ശുഭലക്ഷണമുള്ളവൻ. ധർമജ്ഞൻ. സത്യസന്ധൻ. പ്രജകളുടെ ഹിതത്തിൽ ആനന്ദിക്കുന്നവൻ. യശസ്വി. ജ്ഞാനസമ്പന്നൻ. വശ്യമായ പെരുമാറ്റം. ഭക്തൻ. ബ്രഹ്മാവിനു തുല്യൻ. ശ്രീമാൻ. ശത്രുസംഹാരകൻ. ജീവലോകത്തെയും ധർമത്തെയും പരിരക്ഷിക്കുന്നവൻ. സ്വധർമപാലകൻ. സ്വജനരക്ഷകൻ. വേദവേദാംഗതത്വജ്ഞാനി. അസ്ത്രവിദ്യയുടെ മറുകരകണ്ടവൻ. സർവശാസ്ത്രങ്ങളുടെയും തത്വമറിയുന്നവൻ. ധർമശാസ്ത്രം പഠിച്ചവൻ. സമയോചിതമായി പ്രവർത്തിക്കുന്നവൻ. സർവലോകത്തിനും പ്രിയപ്പെട്ടവൻ. സാധു. ഉന്നതമായ മനോഗുണങ്ങളുള്ളവൻ. സമർഥൻ. എല്ലാവർക്കും എപ്പോഴും സമീപിക്കാൻ കഴിയുന്നവൻ. ശ്രേഷ്ഠൻ. എന്തിനെയും സമമായി കരുതുന്നവൻ. എല്ലായ്പ്പോഴും കാഴ്ചയ്ക്ക് സുന്ദരൻ. സർവഗുണസമ്പന്നൻ. കൗസല്യാനന്ദവർദ്ധനൻ. ഗാംഭീര്യത്തിൽ സമുദ്രം പോലെയും ധൈര്യത്തിൽ ഹിമവാനെപ്പോലെയും വീര്യത്തിൽ വിഷ്ണുവിനെപ്പോലെയും സൗന്ദര്യത്തിൽ ചന്ദ്രനെപ്പോലെയും ക്രോധത്തിൽ കാലാഗ്നിയെപ്പോലെയും ക്ഷമയിൽ ഭൂമിയെപ്പോലെയും ദാനത്തിൽ കുബേരനെപ്പോലെയും സത്യനിഷ്ഠയിൽ ധർമദേവനെപ്പോലെയുമുള്ളവൻ. സത്യപരാക്രമൻ. ഏറ്റവും ഉന്നതമായ ഗുണങ്ങളുള്ളവൻ (ജ്യേഷ്ഠഗുണൈര്യുക്തം) എന്ന് എടുത്തുപറഞ്ഞാണ് ആ പ്രകരണം വാല്മീകി അവസാനിപ്പിക്കുന്നത്.

3. രാമായണം യുദ്ധകാണ്ഡം നൂറ്റിപ്പതിനഞ്ചാം സർഗത്തിലെ ഇരുപത്തിമൂന്നു ശ്ലോകങ്ങളിൽ ഈ പരുഷവാക്കുകൾ നിരന്നുകിടക്കുന്നു.

**ഗ്രന്ഥസൂചി**

അഭയദേവ്. (വിവ.). 1978. രാമകഥ ഉൽഭവവും വളർച്ചയും. (കാമിൽ ബുൽക്കെ). തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

കുമാരനാശാൻ. 1975. ആശാന്റെ പദ്യകൃതികൾ. കോട്ടയം: ഡി.സി. ബുക്സ്.

നാരായണമേനോൻ വള്ളത്തോൾ. (വിവ.). 2016 (1909). വാല്മീകിരാമായണം. കോട്ടയം: ഡി.സി. ബുക്സ്.

ലീലാവതി എം.(വിവ.). ശ്രീമദ് വാല്മീകിരാമായണം. 2014. കോട്ടയം: ഡി. സി. ബുക്സ്.